**കേരള സർക്കാർ**

ധനകാര്യ വകുപ്പ് - 2018 ആഗസ്ത് , സെപ്റ്റംബർ ,ഒക്ടോബർ , നവംബർ വരെയുള്ള വിവിധ ക്ഷേമനിധി ബോർഡ് പെൻഷൻ വിതരണത്തിനുള്ള തുക അനുവദിച്ച് ഉത്തരവാകുന്നു.

---

**ധനകാര്യ (എസ്.എഫ്.സി. സെൽ – ബി) വകുപ്പ്**

**സ.ഉ.(സാധ) നം. 9666/2018/ധന.** **തീയതി: 24.11.2018, തിരുവനന്തപുരം,**

---

പരാമർശം :- 1) സ ഉ (പി) 384/2014/ധന തീയതി 05/09/2014.
2) സ ഉ (എം എസ്) 437/2016/ധന തീയതി 08/11/2016.
3) സ ഉ (എം എസ്) 34/2017/ധന തീയതി 21/01/2017.
4) സ ഉ (എം എസ്) 67/2017/ധന തീയതി 06/02/2017.
5) സ ഉ (എം എസ്) 359/2017/ധന തീയതി 04/08/2017.
6) സ.ഉ (സാധ) 2714/2018/ധന തീയതി 27/03/2018.
7) സ.ഉ (സാധ) 6632/2018/ധന തീയതി 03/08/2018.

**ഉത്തരവ്**

സർക്കാർ ധനസഹായം ഉപയോഗിച്ച് പെൻഷൻ നൽകുന്ന ക്ഷേമനിധി ബോർഡുകൾക്ക് 2018 ആഗസ്ത് , സെപ്റ്റംബർ ,ഒക്ടോബർ , നവംബർ വരെയുള്ള നാല് മാസത്തെ പെൻഷൻ നൽകുന്നതിനായി 248,66,51,434/- രൂപ ആവശ്യമാണെന്ന് ക്ഷേമനിധി ബോർഡുകൾ അറിയിക്കുകയുണ്ടായി.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിക്കുകയുണ്ടായി. സർക്കാർ ധനസഹായമുപയോഗിച്ച് പെൻഷൻ വിതരണം നടത്തുന്ന ക്ഷേമനിധി ബോർഡുകളിലെ 2018 ആഗസ്ത് , സെപ്റ്റംബർ ,ഒക്ടോബർ , നവംബർ വരെയുള്ള നാലുമാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് ആവശ്യമായ തുകയായ 248,66,51,434 രൂപ (ഇരുനൂറ്റി നാല്പത്തിയെട്ടു കോടി അറുപത്തിയാറു ലക്ഷത്തി അൻപത്തിയൊന്നായിരത്തി നാനൂറ്റി മുപ്പത്തി നാലു രൂപ മാത്രം ) അനുവദിച്ച് ഉത്തരവാകുന്നു ഒരോ ക്ഷേമനിധി ബോർഡുകൾക്കും നൽകേണ്ട തുകയുടെ വിവരങ്ങൾ ഈ ഉത്തരവിനോടൊപ്പം അനുബന്ധമായി ചേർത്തിരിക്കുന്നു.

2. ക്ഷേമനിധി ബോർഡുകൾ പെൻഷൻ തുക ലഭിക്കുന്നതിലേക്ക് ബന്ധപ്പെട്ട ഭരണ വകുപ്പിൽ നേരിട്ട് നിർദ്ദേശം സമർപ്പിക്കേണ്ടതും ഭരണ വകുപ്പ് ആയത് ധനകാര്യ വകുപ്പിൽ സമർപ്പിക്കേണ്ടതാണ്.

3. പെൻഷൻ തുകയ്ക്കായി ഭരണ വകുപ്പിൽ നൽകുന്ന നിർദ്ദേശത്തിൽ ഗുണഭോക്താക്കളുടെ ( സേവന സോഫ്റ്റ് വെയർ പ്രകാരമുള്ള ) എണ്ണം വ്യക്തമായി രേഖപ്പെടുത്തേണ്ടതാണ്

4. യാതൊരു കാരണവശാലും ആവശ്യത്തിലധികം അലോട്ട്മെന്റ് വാങ്ങാൻ പാടില്ലാത്തതാണെന്നും അങ്ങനെ വാങ്ങുന്ന പക്ഷം അത് ബന്ധപ്പെട്ട ക്ഷേമനിധി ബോർഡുകളുടെ ചീഫ് എക്സിക്യൂട്ടീവ് ഓഫീസറുടെ വ്യക്തിപരമായ ബാധ്യതയായിരിക്കുന്നതാണ്.

5. നാല് മാസത്തെ പെൻഷൻ വിതരണം ചെയ്യുന്നതിന് മാത്രമേ ഈ തുക ഉപയോഗിക്കാൻ പാടുള്ളു കുടിശ്ശിക/മറ്റ് ആനുകൂല്യങ്ങൾ എന്നിവ വിതരണം ചെയ്യുന്നതിന് പെൻഷൻ തുക ഉപയോഗിക്കാൻ പാടില്ല.

6. വിതരണം ആരംഭിച്ചു 15 ദിവസത്തിനുള്ളിൽ പെൻഷൻ വിതരണം പൂർത്തിയാക്കേണ്ടതാണ്. പ്രസ്തുത സമയത്തിനുള്ളിൽ വിതരണം ചെയ്യാത്ത തുക അനുവദിച്ച ശീർഷകത്തിൽ തന്നെ 5 ദിവസത്തിനുള്ളിൽ തിരിച്ചടക്കുന്നു എന്നും ബോർഡ് ചീഫ് എക്സിക്യൂട്ടിവ് ഓഫീസർ ഉറപ്പ് വരുത്തേണ്ടതാണ്.

5. ഈ ഫണ്ട് പിൻവലിക്കൽ എല്ലാ വിധ ട്രഷറി നിയന്ത്രണങ്ങളിൽ നിന്നും ഒഴിവാക്കിയിരിക്കുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം)

**രാജൻ വി കെ**
**അഡീഷണൽ സെക്രട്ടറി (ധനകാര്യം )**

പകർപ്പ്

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (ഇ & ആർ.എസ്.എ), കേരള, തിരുവനന്തപുരം
പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്
ട്രഷറി ഡയറക്ടർ, തിരുവനന്തപുരം
എല്ലാ ക്ഷേമനിധി ബോർഡ് ചീഫ് എക്സിക്യൂട്ടീവ് ഓഫീസർമാർക്കും.
ലേബർ, കൃഷി, നികുതി, വ്യവസായ വകുപ്പുകൾക്ക്.
ധനകാര്യ(ബജറ്റ്/ലേബർ/കൃഷി/എക്സ്പെൻഡിച്ചർ/ഇൻഡസ്ട്രീസ്,&പിഡബ്ലിയുഡി)വകുപ്പ്
ഇൻഫർമേഷൻ ഓഫീസർ, വെബ് & ന്യൂ മീഡിയ വിഭാഗം, വിവര പൊതുജന സമ്പർക്ക വകുപ്പ്.
ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം.
നോഡൽ ഓഫീസർ, ധനകാര്യ വകുപ്പ്(www.finance.kerala.gov.in)
ബിൽ/കരുതൽ ഫയൽ / ഓഫീസ് പകർപ്പ്

**ഉത്തരവിൻ പ്രകാരം**

**സെക്ഷൻ ഓഫീസർ**

| | ക്ഷേമനിധി ബോർഡ് | പെൻഷനേഴ്സിന്റെ എണ്ണം | ആഗസ്റ്റ് 2018 | സെപ്റ്റംബർ 2018 | ഒക്ടോബർ 2018 | നവംബർ 2018 | ആകെ തുക | കൈവശമുള്ള തുക | അനുവദിക്കാവുന്ന തുക |
|---|---|---|---|---|---|---|---|---|---|
| 1 | കേരള സംസ്ഥാന അസംഘടിത തൊഴിലാളി സാമൂഹ്യ സുരക്ഷാ ബോർഡ് | 2525 | 2777500 | 2777500 | 2777500 | 2777500 | 11110000 | 4344741 | 6765259 |
| 2 | ക്ഷീര കർഷക ക്ഷേമനിധി | 56738 | 30905600 | 31126700 | 31205900 | 31205900 | 124444100 | 0 | 124444100 |
| 3 | കയർ തൊഴിലാളി ക്ഷേമനിധി ബോർഡ് | 71351 | 78407500 | 78407500 | 78407500 | 78407500 | 313630000 | 10720000 | 302910000 |
| 4 | കേരള ബീഡി തൊഴിലാളി ക്ഷേമനിധി ബോർഡ് | 2747 | 3021700 | 3021700 | 3021700 | 3021700 | 12086800 | 701667 | 11385133 |
| 5 | കേരള ചുരുട്ട് തൊഴിലാളി ക്ഷേമനിധി | 102 | 112200 | 112200 | 112200 | 112200 | 448800 | 17600 | 431200 |
| 6 | കേരള ഈറ്റ , കാട്ടുവള്ളി , തഴ തൊഴിലാളി ക്ഷേമനിധി | 8242 | 9066200 | 9066200 | 9066200 | 9066200 | 36264800 | 5346020 | 30918780 |
| 7 | കേരള തയ്യൽ തൊഴിലാളി ക്ഷേമനിധി | 47598 | 52353400 | 52357800 | 52357800 | 52357800 | 209426800 | 0 | 209426800 |
| 8 | കേരള സ്മാൾ പ്ലാന്റേഷന് വർക്കേഴ്സ് വെൽഫെയർഫണ്ട് ബോർഡ് | 223 | 244200 | 244200 | 245300 | 245300 | 979000 | 307400 | 671600 |
| 9 | കേരള ഹെഡ് ലോഡ് വർക്കേഴ്സ് ക്ഷേമനിധി ( സ്കാറ്റേർഡ് ) | 3709 | 4079900 | 4079900 | 4079900 | 4079900 | 16319600 | 193124 | 16126476 |
| 10 | കേരള കൈത്തറി തൊഴിലാളി ക്ഷേമനിധി | 9389 | 10451100 | 10341100 | 10378500 | 10327900 | 41498600 | 2032628 | 39465972 |
| 11 | കേരള സംസ്ഥാന ഭാഗ്യക്കുറി ഏജന്റുമാരുടേയും വിൽപ്പനക്കാരുടേയും ക്ഷേമനിധി | 1947 | 2141700 | 2141700 | 2141700 | 2141700 | 8566800 | 0 | 8566800 |
| 12 | കേരള ആഭരണ തൊഴിലാളി ക്ഷേമനിധി | 119 | 130900 | 130900 | 130900 | 130900 | 523600 | 1100 | 522500 |
| 13 | കേരള ഖാദി വർക്കേഴ്സ് ക്ഷേമനിധി | 694 | വിതരണം ചെയ്തു | 663300 | 663300 | 663300 | 1989900 | 11725 | 1978175 |
| 14 | കർഷക പെൻഷൻ | 290908 | 307412600 | 319998800 | 319998800 | 319998800 | 1267409000 | 111005354 | 1156403646 |
| 15 | മത്സ്യ തൊഴിലാളി ക്ഷേമനിധി | 61632 | വിതരണം ചെയ്തു | 67795200 | 67795200 | 67795200 | 203385600 | 1138200 | 202247400 |
| 16 | അസംഘടിത തൊഴിലാളി ( റിട്ടയേർഡ് ) | 9618 | 10579800 | 10579800 | 10579800 | 10579800 | 42319200 | 0 | 42319200 |
| 17 | കശുവണ്ടി തൊഴിലാളി ക്ഷേമനിധി | 65544 | 71997200 | 72061000 | 72088500 | 72098400 | 288245100 | 5715707 | 282529393 |
| 18 | ട്രേഡേഴ്സ് വെൽഫെയർ | 10918 | 12273500 | 12318500 | 12408500 | 12538500 | 49539000 | 0 | 49539000 |
| | ആകെ തുക | | | | | | 2628186700 | 141535266 | 2486651434 |